

## TRACE ൽ നിന്നും ഫോം 16 ഡൗൺലോഡ് ചെയ്യുന്ന വിധം

2014 ജൂലൈ 31 ന് മുമ്പായി ഓരോ വ്യക്തിയും ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ടല്ലോ. TDS Certificate (Form 16) ലെ വിവരങ്ങൾ അനുസരിച്ചായിരിക്കും ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്യേണ്ടത്. ഈപ്പറഞ്ഞ TDS Certificate അല്ലെങ്കിൽ Form 16 എവിടെ നിന്നാണ് ലഭിക്കുക? ഇത് ഡൗൺലോഡ് ചെയ്തെടുക്കാൻ കഴിയുന്നത് അതത് സ്ഥാപനമേലധികാരികൾക്ക് മാത്രമാണ്. ഒരു ജീവനക്കാരന് TDS Certificate നൽകാതിരുന്നാൽ ഒരു ദിവസത്തേക്ക് 100 രൂപ നിരക്കിൽ പരമാവധി അയാളിൽ നിന്നും കുറച്ച ടാക്സ് DDO യിൽ Penalty ഈടാക്കാമെന്നാണത്രേ ആദായനികുതി നിയമം അനുശാസിക്കുന്നത്. ഈ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തതായി കണ്ടില്ലെങ്കിൽപ്പോലും DDO യിൽ നിന്നും പിഴ ഈടാക്കുമത്രേ. ഇതേക്കുറിച്ചറിയുന്നതിനും TRACES ൽ നിന്നും മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സ്റ്റെപ്പുകൾ

Login ചെയ്താൽ ലഭിക്കുന്ന പേജിൽ "Downloads" ൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന dropdown menu വിൽ Form 16/16A ൽ ക്ലിക്ക് ചെയ്യുക.





അപ്പോൾ പുതിയ window തുറക്കും.




സ്ഥാപനത്തിലെ എല്ലാവരുടെയും Form 16 ഡൌൺലോഡ് ചെയ്യാൻ Bulk PAN Download എന്നതിന് താഴെയുള്ള Financial Year ൽ 2013-14 എന്ന് എന്റർ ചെയ്യുക. എന്നിട്ട് അടുത്തുള്ള "GO" ക്ലിക്ക് ചെയ്യുക. അപ്പോൾ പുതിയൊരു പേജ് തുറക്കും.


(എന്നാൽ ഏതാനും പേരുടെ മാത്രം Form 16 ലഭിക്കാൻ Search PAN എന്നതിന് താഴെയുള്ള Financial Year ചേർത്ത് ഓരോരുത്തരുടെ PAN അടിച്ച ADD ചെയ്ത ശേഷം അതിനടുത്തുള്ള "GO" ക്ലിക്ക് ചെയ്യുക)




Form 16 ൽ വരേണ്ട DDO യെ കുറിച്ചുള്ള വിവരങ്ങൾ ഈ പേജിൽ കാണാം. ഇവയെല്ലാം ശരിയെങ്കിൽ അതിലുള്ള "Submit" ക്ലിക്ക് ചെയ്യുക. (DDO യെ കുറിച്ചുള്ള വിവരങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താനുണ്ടെങ്കിൽ "Cancel" ക്ലിക്ക് ചെയ്ത് Profile പേജിൽ പോയി മാറ്റങ്ങൾ വരുത്തണം.) ഇതോടെ നാം പുതിയൊരു പേജിൽ എത്തുന്നു.




ഈ പേജിൽ പറഞ്ഞിരിക്കുന്ന Financial Year ലെ തന്നിരിക്കുന്ന Quarter ൽ ഫയൽ ചെയ്ത TDS return ന്റെ 15 അക്ക Provisional Receipt Number (Token Number)കള്ളിയിൽ ചേർക്കുക. അതിനു ശേഷം "Please select if the payment was made by book adjustment" എന്നതിന്റെ തുടക്കത്തിൽ ഉള്ള ബോക്സിൽ ക്ലിക്ക് ചെയ്ത് tick mark ഇടുക. അതിന് താഴെ ആ Quarter ലെ ഏതെങ്കിലും ഒരു മാസം തെരഞ്ഞെടുത്ത് ആ മാസം കുറച്ച ടാക്സും ഏതെങ്കിലും മൂന്ന് ജീവനക്കാരുടെ PAN നമ്പറും അവർ ആ മാസത്തിൽ അടച്ച ടാക്സും ചേർക്കേണ്ടതുണ്ട്. "Date on which tax deposited" എന്ന കള്ളിയിൽ ആ മാസത്തിന്റെ അവസാനദിവസം ചേർക്കുക. അതിനു താഴെയുള്ള കള്ളികളിൽ PAN നമ്പറും അവർ കുറച്ച ടാക്സും ചേർക്കുക. (1000 രൂപയാണ് എങ്കിൽ 1000.00 എന്ന് ചേർക്കേണ്ടതുണ്ട്)




തുടർന്ന് "Proceed" ക്ലിക്ക് ചെയ്യുക. നാം കൊടുത്ത data Traces ലെ ഡാറ്റാബേസുമായി മാച്ച് ചെയ്യുന്നുവെങ്കിൽ നാം Download Request Confirmation പേജിൽ എത്തും.





ഇതിലുള്ള Request Number എഴുതി സൂക്ഷിക്കുക. പിന്നീട് Form 16 ഡൌൺലോഡ് ചെയ്യാൻ നാം ഈ നമ്പർ അടിച്ച് കൊടുക്കേണ്ടതുണ്ട്. ഇതോടെ ഫോം 16 നുള്ള അപേക്ഷ നൽകിക്കഴിഞ്ഞു. ഏതാനും മിനിട്ടുകൾക്ക് ശേഷം മാത്രമേ form 16 Available ആവുള്ളൂ. ഇനി നമ്മൾ അപേക്ഷിച്ച് കഴിഞ്ഞ Form 16 എങ്ങിനെ ലഭിക്കുമെന്ന് നോക്കാം.

"Downloads" ൽ ക്ലിക്ക് ചെയ്താൽ വരുന്ന "Requested Downloads" ക്ലിക്ക് ചെയ്യുക. അപ്പോൾ പുതിയൊരു പേജ് തുറക്കും.





ഇതിൽ "Search Option 1 " ന താഴെയുള്ള കള്ളിയിൽ നേരത്തെ എഴുതി സൂക്ഷിച്ച Request Number നൽകിയ ശേഷം "Go" ക്ലിക്ക് ചെയ്യുക. ഇതോടെ പുതിയൊരു പേജ് തുറക്കുന്നു.




താഴെയുള്ള പട്ടികയിൽ Form 16 ന്റെ Request Number ന നേരെ Status എന്ന കോളത്തിൽ available എന്നാണ് കാണിക്കുന്നതെങ്കിൽ Form 16 ഡൌൺലോഡ് ചെയ്യാൻ തയ്യാറായി കഴിഞ്ഞു. (Status കോളത്തിൽ Submitted എന്നാണ് കാണുന്നതെങ്കിൽ ഇനിയും കാത്തിരിക്കേണ്ടി വരും) അതിനു ശേഷം താഴെയുള്ള "HTTP Download" എന്നാ ലിങ്കിൽ ക്ലിക്ക് ചെയ്യുക. അതോടെ Form 16 ന്റെ Zipped File download ചെയ്യപ്പെടും.

ഈ zipped file കോപ്പി ചെയ്ത് അതേപോലെ desktop ൽ paste ചെയ്യുക.
ഡൌൺലോഡ് ചെയ്ത ഈ ഫയലിൽ നിന്നും Form 16 pdf file ആയി ലഭിക്കാൻ "TRACES Pdf Generation Utility" TRACES സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യണം. ഇനി അത് എങ്ങിനെയെന്ന് നോക്കാം. Traces ൽ login ചെയ്ത Downloads ൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന dropdown list ൽ "Requested Downloads" ക്ലിക്ക് ചെയ്യുക. അപ്പോൾ പുതിയൊരു പേജ് തുറക്കും.





അതിൽ 'Attention Deductors' എന്നതിന് താഴെ വരിയിൽ കാണുന്ന 'Click Here' എന്നതിൽ ക്ലിക്ക് ചെയ്യുക. ഇതോടെ പുതിയൊരു പേജിൽ എത്തുന്നു.




ഈ പേജിലുള്ള 'Verification Code' അതിനു താഴെയുള്ള കള്ളിയിൽ ചേർത്ത് 'Submit' ക്ളിക്ക് ചെയ്യുക.


അപ്പോൾ തുറക്കുന്ന പേജിൽ TRACES Pdf Converter എന്ന ലിങ്കിൽ ക്ളിക്ക് ചെയ്യുക. അതോടെ TRACES Pdf converter ന്റെ zipped file ഡൌൺലോഡ് ആവും. കമ്പ്യൂട്ടറിലെ ഒരു ഫോൾഡറിലേക്ക് ഇത് കോപ്പി ചെയ്ത ശേഷം unzip ചെയ്യുക.ഇതിനായി winzip സോഫ്റ്റ്‌വെയർ ഉപയോഗിക്കാം. ഇത് നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇല്ലെങ്കിൽ അത് ഇൻസ്റ്റാൾ ചെയ്യുക. TRACES Pdf Converter പ്രവർത്തിക്കണമെങ്കിൽ Java Software ആവശ്യമുണ്ട്. ഇല്ലെങ്കിൽ അതും ഇൻസ്റ്റാൾ ചെയ്യണം. Unzip ചെയ്ത ലഭിച്ച TRACES Pdf Converter എന്നാ ഫോൾഡർ തുറക്കുക.




ഈ ഫോൾഡറിൽ കാണുന്ന Run doubleclick ചെയ്യുക. അപ്പോൾ TRACES Pdf Converter open ആവും.




ഇതിൽ Select Form 16 Zipped File എന്നതിന് നേരെയുള്ള കള്ളിയ്ക്കടുത്തുള്ള "Browse"ൽ ക്ളിക്ക് ചെയ്യുക. എന്നിട്ട് നാം നേരത്തെ desktop ൽ ഇട്ട Form 16 ന്റെ zipped file കൊണ്ടുവരിക.
Password for input file ന് നേരെ TAN നമ്പർ password ആയി ചേർക്കുക.
Save to folder എന്നതിന് നേരെ browse ൽ ക്ളിക്ക് ചെയ്ത എവിടെയാണ് Form 16 save ചെയ്യപ്പെടേണ്ടത് എന്ന് ചേർക്കുക.
എന്നിട്ട് ഏറ്റവും താഴെയുള്ള "Proceed" ക്ളിക്ക് ചെയ്യുക.




അപ്പോൾ തുറക്കുന്ന ഡയലോഗ് ബോക്സിൽ Do you want to continue without Digital signature എന്നതിന് താഴെ "Yes" ക്ളിക്ക് ചെയ്യുക.
അടുത്ത ബോക്സിൽ Starts pdf generation എന്നതിന് "OK" ക്ലിക്ക് ചെയ്യുക.
അപ്പോൾ 1 pdf generated successfully എന്ന message box വന്നാൽ Form 16 ന്റെ pdf file നേരത്തെ നാം കൊടുത്ത സ്ഥലത്ത് സേവ് ചെയ്തിട്ടുണ്ടാവും.